# കേരള യൂണിവേഴ്സിറ്റി

DB2/GEN-Misc/2038/14-15

യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കാര്യാലയം
കേരള യൂണിവേഴ്സിറ്റി കാമ്പസ്,
കാര്യവട്ടം,തിരുവനന്തപുരം
തീയതി–13.10.2014

# ക്വട്ടേഷൻ/ലേല പരസ്യം

വൈസ്ചാൻസിലർ, കേരള യൂണിവേഴ്സിറ്റിക്ക് വേണ്ടി യൂണിവേഴ്സിറ്റി എഞ്ചിനീയർ പരസ്യപ്പെടുത്തുന്നത്. കേരളാ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റിന്റെ കാര്യവട്ടം കാമ്പസിലുള്ള സിവിൽ വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ള പഴയതും ഉപയോഗശൂന്യവുമായ സാധനങ്ങൾ (തടിമുതലുകൾ, ഇരുമ്പ് പൈപ്പ്, വാൽവ്, മുതലായവ) യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കാര്യാലയ പരിസരത്തു വച്ച് 29.10.2014 പകൽ 11 മണിക്ക് ലേലം പരസ്യമായും/ മുദ്ര വച്ച ക്വട്ടേഷനുകളാലും നടത്തുന്നതാണ്.

പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 11 മണിയ്ക്കകം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യവട്ടത്തുള്ള ഓഫീസിൽ ഹാജരായി മൂവായിരത്തി ഒരുനൂറ് (ക. 3100/) രൂപയുടെ നിരതദ്രവ്യം കെട്ടിവച്ച് (ഡിമാന്റ് ഡ്രാഫ്റ്റായി മാത്രം) ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

പരസ്യലേലത്തിനു പുറമെ, താൽപ്പര്യമുള്ളവർക്ക് പ്രസ്തുത ലേലത്തിന് മുദ്ര വച്ച കവറിൽ ക്വട്ടേഷനുകളും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾ മുദ്രവച്ച കവറുകളിൽ നിരത ദ്രവ്യം ഉൾപ്പെടെ 28.10.2014 വൈകുന്നേരം 4 മണിവരെ യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ ഓഫീസിൽ രജിസ്റ്റേഡ് പോസ്റ്റ് അല്ലെങ്കിൽ സ്പീഡ് പോസ്റ്റ് വഴി മാത്രം സ്വീകരിക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ കവറിനു പുറത്ത് പ്രവൃത്തിയുടെ പേര്, പ്രേഷിതൻ, സ്വീകർത്താവ് എന്നിവരുടെ പേരും മേൽവിലാസവും വ്യക്തമായി രേഖപ്പെടുത്തിയിരിയ്ക്കണം.

ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്നവരും സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോപതിച്ച ഐ.ഡി.കാർഡിന്റെ കോപ്പിക്കു പുറമേ ദേശസാൽകൃത/ഷെഡ്യൂൾസ് ബാങ്കുകളിൽ നിന്നും യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയി വേണം നിരതദ്രവ്യം സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ, ലേലം എന്നിവയ്ക്ക് പ്രത്യേകമായി നിരത ദ്രവ്യം സമർപ്പിക്കേണ്ടതാണ്.

മുദ്രവച്ച ക്വട്ടേഷനുകൾ പരസ്യ ലേലത്തിനു ശേഷം തുറക്കുന്നതാണ്. പരസ്യലേലം അല്ലെങ്കിൽ ക്വട്ടേഷൻ തുകയിൽ ഏറ്റവും കൂടുതൽ വന്ന വ്യക്തിക്ക് താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തുന്നതും ടി. വ്യക്തി ആ തുകയുടെ 25% തുക നിരതദ്രവ്യത്തിനു പുറമേ അന്നേ ദിവസം 4 മണിയ്ക്കകം ഡിമാന്റ് ഡ്രാഫ്റ്റ് ആയി കെട്ടിവയ്ക്കേണ്ടതുമാണ്. തുടർന്ന് യൂണിവേഴ്സിറ്റിയുടെ അവസാന അനുമതിയ്ക്ക് ശേഷം ലേലം സ്ഥിരപ്പെടുത്തുന്നതും ലേലം സ്ഥിരപ്പെടുത്തിയ വ്യക്തി അറിയിപ്പ് കിട്ടി രണ്ട് ദിവസത്തിനുള്ളിൽ ബാക്കിയുള്ള മുഴുവൻ ലേലത്തുക യൂണിവേഴ്സിറ്റി അക്കൗണ്ടിലും നിയമാനുസരണമുള്ള 14.50% നികുതി യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ അക്കൗണ്ടിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ മുഴുവൻ തുകയും കെട്ടിവയക്കാത്ത പക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം നടത്തുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ രേഖാമൂലമുള്ള അറിയിപ്പ് കിട്ടി രണ്ട് ദിവസ്ത്തിനകം മുഴുവൻ സാധനങ്ങളും കാമ്പസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സംഭവിക്കുന്ന ഏത് നാശനഷ്ടവും ടി യാന്റെ നിരതദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതും അതിനു ശേഷം ബാക്കിയുള്ള നിരതദ്രവ്യം തിരികെ നൽകുന്നതുമാണ്.

ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയിരുന്നാൽ തൊട്ടടുത്ത പ്രവൃർത്തി ദിവസം 11 മണിയ്ക്ക് ലേലം നടത്തുന്നതായിരിയ്ക്കും. കൂടുതൽ വിവരങ്ങൾ യൂണിവേഴ്സിറ്റി എഞ്ചീനീയറുടെ ഓഫീസിൽ നിന്നോ അസ്സി: എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നോ നേരിട്ട് അറിയാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ലേല സംബന്ധമായ നിലവിലെ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിയ്ക്കും. ലേലം സംബന്ധിച്ച അന്തിമ തീരുമാനം യൂണിവേഴ്സിറ്റി എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കും.

**എന്ന്,**

**യൂണിവേഴ്സിറ്റി എഞ്ചിനീയർ**